**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4118** — **18.10.2011 - ൽ മറുപടിക്ക്**

## കൊല്ലം ജില്ലയിലെ കുരിക്കഴി പാലവും, വലിയതറകടവ് പാലവും നിർമ്മിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കൊല്ലം, ശൂരനാട് വടക്ക് പഞ്ചായത്തിൽ 'കുരിക്കഴിപാലം' നിർമ്മിക്കുന്നതിനുള്ള നടപടികൾ എത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പാലം പണിയുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ കരാർ ആയിട്ടുണ്ട്. ഇത് തീർന്നാലുടൻ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി തുടങ്ങുന്നതാണ്. |
| (ബി) പ്രസ്തുത പാലംപണിയുടെ സ്ഥലമെടുപ്പ് ജോലികളും ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ടോ; | (ബി) | ആരംഭിച്ചിട്ടില്ല. |
| (സി) കൊല്ലം ജില്ലയിൽ ശൂരനാട് തെക്ക് പഞ്ചായത്തിനേയും തൊടിയൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന വലിയതറകടവ് പാലം പണി ആരംഭിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പാലം പണിയ്ക്കായി 500.00 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ